(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക സഹായവും പദ്ധതിക്കുള്ള സാങ്കേതിക അനുമതിയും സർക്കാർ ഭാഗത്തുനിന്നുള്ള സാമ്പത്തിക സഹായവും നൽകുക എന്ന ഉത്തരവാദിത്തമാണ് ശുചിത്വമിഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സാങ്കേതിക സഹായം നൽകുന്നതിന് ശുചിത്വ മിഷനിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും, വിപുലീകരണത്തിന് സഹായിക്കാനുള്ള ഉദ്യോഗസ്ഥരുടേയും വമ്പിച്ച കുറവ് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

240 (1665) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് നാളിതുവരെ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് നാളിതുവരെ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിവിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly